പത്രക്കുറിപ്പ്

# വീടിന് നേരെ ബോംബേറ്: പ്രതി പിടിയിൽ

തിരുവനന്തപുരം :- കഴക്കൂട്ടം തൃപ്പാദപുരത്ത് വീട്ടിൽ നാടൻബോംബ് എറിഞ്ഞ് നാശനഷ്ടം വരുത്തിയ കേസ്സിലെ പ്രതി പോലീസ് പിടിയിലായതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ആറ്റിപ്ര കല്ലിംഗൽ ശരണ്യ ഭവനിൽ ശരത്ത് (28)-നെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ഏപ്രിൽ 4-നാണ് സംഭവം നടന്നത്. രാത്രി 12 മണിയോടെ ഓട്ടോറിക്ഷ ഓടിച്ച് വന്ന പ്രതി, തൃപ്പാദപുരം സ്വദേശി ചന്ദ്രന്റെ വീടിന് നേരെ നാടൻബോംബ് എറിഞ്ഞ് വീടിന്റെ മേൽക്കൂര തകർത്ത് കടന്നു കളയുകയായിരുന്നു. ഒളിവിൽ കഴിഞ്ഞു വന്ന പ്രതിയെ അന്വേഷിച്ചു വരവെ, സൈബർ സിറ്റി അസ്സിസ്റ്റന്റ് കമ്മീഷണർ ഹരി.സി.എസ്-ന് ലഭിച്ച രഹസ്യവിവരത്തിന്റെ



കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത ശരത് (28)

അടിസ്ഥാനത്തിൽ കഴക്കൂട്ടം എസ്.എച്ച്.ഒ പ്രവീൺ.ജെ.എസ്,

എസ്.ഐ-മാരായ ജിനു, മിഥുൻ, സി.പി.ഒ-മാരായ സജാദ്ഖാൻ, നസ്സിമുദ്ദീൻ, ശ്യാം എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരെ തുമ്പ സ്റ്റേഷനിലും എക്സ്പ്ലോസിവ്, ആംസ് ആക്ട്ടുകൾ പ്രകാരമുള്ള കേസ്സ് നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# അറിയിപ്പ്

തിരുവനന്തപുരം:- ശ്രീകാര്യം കട്ടേല കാരുണ്യ വിശ്രാന്തി ഭവനിലെ അന്തേവാസിയായ ഉത്തർപ്രദേശ് സ്വദേശി ദിയാൻ എന്നയാൾ 05-11-2021-ന് തിരു. ജനറൽ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടിട്ടുള്ളതും ജനറൽ ആശുപത്രി മോർച്ചറിയിൽ മൃതദേഹം സൂക്ഷിച്ചിട്ടുള്ളതുമാണ്. ശ്രീകാര്യം പോലീസ് സ്റ്റേഷൻ ക്രൈം. 1786/2021 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്ന



ഈ കേസ്സിലെ മരണപ്പെട്ട വ്യക്തിയെക്കുറിച്ച് മറ്റ് എന്തെങ്കിലും വിവരം അറിയുന്നവർ താഴെപ്പറയുന്ന നമ്പരിൽ അറിയിക്കുവാൻ താൽപ്പര്യപ്പെടുന്നു.

| | | |
|---|---|---|
| ശ്രീകാര്യം പോലീസ് സ്റ്റേഷൻ | - | 0471-2592100 |
| എസ്.എച്ച്.ഒ, ശ്രീകാര്യം | - | 9497947101 |
| എസ്.ഐ, ശ്രീകാര്യം | - | 9645811826 |

തിരുവനന്തപുരം സിറ്റി
08-11-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി